# കോൺഗ്രസിന്റെ ശ്രദ്ധ തിരിച്ചുവിടൽ തന്ത്രം

അരുൺ ജെയ്റ്റ്‌ലി, രാജ്യസഭാ പ്രതിപക്ഷ നേതാവ്

കോൺഗ്രസ് പാർട്ടി ഇനിയും അവരുടെ വെല്ലുവിളികൾ മനസ്സിലാക്കിയിട്ടില്ല. കോൺഗ്രസ് പാർട്ടി ഇനിയും അവരുടെ വെല്ലുവിളികൾ മനസ്സിലാക്കിയിട്ടില്ലെന്ന് രാജ്യസഭാ പ്രതിപക്ഷനേതാവ് കൂടിയായ അരുൺ ജെയ്റ്റ്‌ലി പറഞ്ഞു. സാമ്പത്തിക രംഗത്തെ പുനരുജ്ജീവിപ്പിക്കാനോ അഴിമതിയാരോപണങ്ങളിൽ നിന്ന് വിമുക്തമാകാനോ അവർ തയ്യാറായിട്ടില്ല. രാഷ്ട്രീയമായി നരേന്ദ്രമോദിയെ എങ്ങനെ കൈകാര്യം ചെയ്യണമെന്നും അവർക്കറിയില്ല. അവരുടെ നേതാക്കളെയും പാർട്ടിയേയും ശക്തരും കഴിവുറ്റതും ആക്കുന്നതിനു പകരം മോദിയെ സിബിഐയെക്കൊണ്ടും കോൺഗ്രസ് നേതാക്കളുടെ പഴിപറച്ചിലുകൾ കൊണ്ടും കീഴടക്കണമെന്നാണ് അവർ കരുതുന്നത്. നരേന്ദ്ര മോദിക്കെതിരെ കെട്ടിച്ചമച്ച പോലീസ് നിരീക്ഷണമെന്ന പ്രശ്നത്തെക്കുറിച്ച് അന്വേഷിക്കാൻ കമ്മീഷനെ നിയോഗിക്കുന്ന കാര്യം ആലോചിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി സുശീൽ കുമാർ ഷിൻഡെ പറഞ്ഞത് വ്യക്തമാക്കുന്നത് തെരഞ്ഞെടുപ്പ് പരാജയം കൊണ്ടും കോൺഗ്രസ് പാർട്ടി ഒന്നും പഠിച്ചിട്ടില്ലെന്നാണ്.

ടുജി സ്പെക്ട്രം കേസ് അഴിമതിയുടെ സ്മാരക ചിഹ്നമാണ്. ഒരു സംയുക്ത പാർലമെന്ററി കമ്മറ്റി റിപ്പോർട്ടുവഴി അത് മൂടിവക്കാനായെന്ന് കോൺഗ്രസ് തെറ്റിദ്ധരിക്കുന്നു. പ്രതിപക്ഷ എംപിമാർ കൊടുത്ത വിയോജനക്കുറിപ്പുപോലും ജെപിസി പരിഗണിച്ചില്ല. ആദർശ് അഴിമതി സ്വകാര്യ വ്യക്തികൾ നടത്തിയ ഖജനാവ് കൊള്ളയാണ്. കോൺഗ്രസിന്റെ മഹാരാഷ്ട്ര മുഖ്യമന്ത്രി അശോക് ചവാന് ഈ വിഷയത്തിൽ രാജിവെക്കേണ്ടിവന്നു. ഇപ്പോൾ അശോക് ചവാനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി കൊടുക്കാത്തതും ആദർശ് അഴിമതിയുടെ റിപ്പോർട്ട് മന്ത്രിസഭ തള്ളിക്കളഞ്ഞതും വഴി ആ അഴിമതി പ്രശ്നം പരിഹരിച്ചുവെന്ന് കരുതുന്നു.

ഗുജറാത്ത് പോലീസ് ഒരു പെൺകുട്ടിയെ നിരീക്ഷിച്ച കാര്യം കോൺഗ്രസ് വലിയ വിഷയമായി പറയുന്നു. പെൺകുട്ടിയുടെ കുടുംബം പറയുന്നു, അത് അവർ ആവശ്യപ്പെട്ടിട്ടാണെന്ന്. എന്നിട്ടും ആ വിഷയം മുഴുവൻ പഠിക്കാൻ ഗുജറാത്ത് സർക്കാർ ഒരു റിട്ടയേർഡ് ജഡ്ജിനെ തലവനാക്കി കമ്മറ്റിയെ നിയോഗിച്ചു. ആ കമ്മീഷൻ നിലവിൽ അന്വേഷണം നടയത്തുകയാണ്. അഴിമതിയും സാമ്പത്തിക പ്രതിസന്ധിയും പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം അതേ വിഷയത്തിൽ കേന്ദ്രസർക്കാർ ഒരു കമ്മീഷനെ നിയോഗിക്കുമെന്ന് ആഭ്യന്തരമന്ത്രി പ്രസ്താവിച്ചത് അമ്പരപ്പിക്കുന്ന നടപടിയായി. അസാധ്യമായ ഒരു അന്വേഷണത്തെക്കുറിച്ചാണവർ പറയുന്നത്. അവർ തരംതാണ രാഷ്ട്രീയക്കളികളിൽ മാത്രമാണ് തൽപ്പരരെന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

ടുജി സ്പെക്ട്രം കേസിലെ ജെപിസി മൂടിവക്കൽ പുറത്തുവന്ന സാഹചര്യത്തിൽ ആ വിഷയത്തിൽ ഒരു സമഗ്രാന്വേഷണമാണുവേണ്ടത്. ആദർശ് അഴിമതി അന്വേഷണ റിപ്പോർട്ട് സ്വീകരിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുക്കുകയാണ് വേണ്ടത്. കോൺഗ്രസിലെ മുഖ്യമന്ത്രി കുടുംബാംഗങ്ങൾക്കെതിരെ ഉയർന്നുവന്നിട്ടുള്ള ഭൂമി തട്ടിപ്പ് അഴിമതി ഹരിയാന-രാജസ്ഥാൻ സർക്കാർ ആഘോഷിക്കാൻ തയ്യാറാകുകയാണുവേണ്ടത്. അഴിമതി ആരോപണങ്ങളിൽനിന്ന് സ്വയം കുറ്റവിമുക്തമാക്കുന്ന കോൺഗ്രസ് പാർട്ടി മുഖ്യ വിഷയത്തിൽ നിന്ന് ശ്രദ്ധ മാറ്റാൻ തരംതാണ രാഷ്ട്രീയക്കളികൾ നടത്തുകയാണ്. അതൊന്നും പക്ഷേ ഫലം ചെയ്യില്ല.